# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 0149

07/11/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ മുഖേന 'പൊലിവ്'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന 'പൊലിവ്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉല്പന്നങ്ങളും അതത് പ്രദേശത്തു തന്നെ വിപണന മേളകൾ സംഘടിപ്പിച്ച് വിപണനം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ച ചന്തയും മാസചന്തയും സംഘടിപ്പിക്കുന്നു. ഇതിനു പുറമേ ഉത്സവ ചന്തകൾ നടത്താറുണ്ട്. ഈ വർഷം മുതൽ ഓരോ ജില്ലയിലും ഓരോ പച്ചക്കറി ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെ കാർഷിക മേളകളും കാർഷികോത്സവങ്ങളും സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | (സി) പഞ്ചായത്തുകളുമായി ചേർന്ന് സ്ഥിരവിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്ത്, കൃഷി ഓഫീസ്, വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള) എന്നിവരുമായി സഹകരിച്ചാണ് വിപണി കണ്ടെത്തുന്നത്. ഇതിനു പുറമേ കാർഷിക ഉത്സവങ്ങളുടെ ഭാഗമായി കൊയ്ത്ത് ഉത്സവം, വിത്ത് പാകൽ ഉത്സവം, ഓണം-റംസാൻ, വിഷു, ക്രിസ്തുമസ് ചന്തകൾ എന്നിവ പഞ്ചായത്ത് തലങ്ങളിലും ജില്ലാതലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ